അർബൻ പ്രോജക്ടുകളിലും 700 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന കണക്കിന് ട്രൈബൽ ഏരിയാകളിലും അംഗൻവാടികൾ അനുവദിക്കുന്നു.

(ബി) ഇല്ല. ജനസംഖ്യാനുപാതികമായി അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലുമുള്ള പഞ്ചായത്തുകളുടെ ജനസംഖ്യ, അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം എന്നീ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ചേർപ്പ് ബ്ലോക്കിൽ അംഗൻവാടികൾ ആരംഭിക്കുന്നതിന് നടപടി

46 (519) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതി പ്രകാരം അംഗൻവാടികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനും സ്ഥലം വാങ്ങുന്നതിനും എത്തൊക്കെ സഹായമാണ് നൽകി വരുന്നത്. ഏതൊക്കെ ഏജൻസികളിൽ നിന്ന് ഈ പദ്ധതിക്ക് സഹായം ലഭിക്കുന്നുണ്ട് ;

(സി) അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര, ഇത് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ചേർപ്പു ബ്ലോക്കിലെ പുതിയ അംഗൻവാടികൾ എന്ന് മുതലാണ് പ്രവർത്തനം തുടങ്ങുന്നത് ?

ഉത്തരം

(എ) ചേർപ്പ് ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി 3-1-2001 ലെ (എം.എസ്) 1/2001/സ.ക്ഷേ.വ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവിൽ ആവശ്യമായ ചില ഭേദഗതികൾ വരുത്തിയതിനുശേഷം സെലക്ഷൻ നടപടികൾ ഉടനെ പൂർത്തിയാക്കി അംഗൻവാടി പ്രവർത്തകരെ നിയമിക്കുകയും അംഗൻവാടികളുടെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

(ബി) അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കണ്ടെത്തുന്നത്. ഐ.സി.ഡി.എസ് മൂന്നാം ഘട്ട പദ്ധതിയിലെ 3200 അംഗൻവാടികളിൽ ഒന്നിന് യഥാക്രമം 1.25 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. ഇതിന്റെ 75% ലോകബാങ്ക് സഹായം മുഖേനയാണ് ലഭിക്കുന്നത്. ബാക്കി വരുന്ന 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കേണ്ടത്. അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 40,000 രൂപ വരെ സാമ്പത്തിക സഹായം ലോകബാങ്കിൽ നിന്നും ലഭിക്കുന്നുണ്ട്.

(സി) അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇപ്പോൾ നൽകി വരുന്ന വേതനം താഴെ പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി വർക്കർ	കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം	ആകെ
1. നോൺമെട്രിക്കുലേറ്റ്	438	200	638
2. നോൺ മെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയാക്കിയവർ)	469	200	669
3. നോൺ മെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയായവർ)	500	200	700
4. മെട്രിക്കുലേറ്റ്	500	200	700
5. മെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയായവർ)	531	200	731
6. മെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയായവർ)	563	200	763
7. ഹെൽപ്പർ	260	200	460

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ അംഗൻവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സെലക്ഷൻ പൂർത്തിയായാൽ ഉടൻ അംഗൻവാടികളുടെ പ്രവർത്തനം തുടങ്ങുന്നതാണ്.

വർക്കല നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ

47 (620) ശ്രീ. എ. അലിഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും വർക്കല മുനിസിപ്പാലിറ്റിയിലും കൂടി എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം എത്രയെന്നും ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇവിടെ ജോലി നോക്കി വരുന്ന വർക്കേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും ഇപ്പോഴത്തെ ശമ്പളം എത്ര വീതമെന്നും അവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly